മാറ്റിയെടുക്കാനുള്ള സാഹചര്യത്തിലല്ല ആരംഭിച്ചതും നിലനിൽക്കുന്നതും. അതുകൊണ്ടുതന്നെ അത് സംരക്ഷിക്കപ്പെടേണ്ടതാണ്. പ്രസ്തുത സ്കൂളുകളിൽ എത്തുന്ന കുട്ടികളെ മുഖ്യധാരയിലെത്തിക്കാൻ സാമൂഹികവും സാംസ്ക്കാരികവുമായ കാരണങ്ങളാൽ സമയമെടുക്കും. ചിലയിടങ്ങളിലെങ്കിലും ഇതിനാവശ്യമായ ഭൗതിക പരിസരവും വികസിപ്പിക്കേണ്ടിവരും. വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അയൽപക്കത്ത് സ്കൂളുകൾ സ്ഥാപിക്കാൻ മൂന്നു വർഷം വരെ സാവകാശം നൽകുന്നുണ്ട്. എം.ജി.എൽ.സി.കൾ ഇന്നത്തെ സാഹചര്യത്തിൽ അടച്ചുപൂട്ടുന്നത് അവിടെ പഠിക്കുന്ന കുട്ടികളെ ദോഷകരമായി ബാധിക്കുമെന്നതിനാൽ ആൾട്ടർനേറ്റീവ് സ്കൂളുകളിലെ കുട്ടികളെ മുഖ്യധാരാ വിദ്യാഭ്യാസത്തിലേക്ക് കൊണ്ടുവരാൻ ആവശ്യമായ സമയം അനുവദിക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. 2011-12-ലെ എസ്.എസ്.എ.-യുടെ വാർഷിക പദ്ധതിയിൽ പുതിയ സ്കൂളുകൾ, റസിഡൻഷ്യൽ സ്കൂളുകൾ, പ്രത്യേക പരിശീലന കേന്ദ്രങ്ങൾ, ആൾട്ടർനേറ്റീവ് വിദ്യാലയങ്ങളിലെ കുട്ടികൾക്ക് മുഖ്യധാരാ സ്കൂളുകളിലെ പ്രവർത്തനങ്ങളുമായി പൊരുത്തപ്പെടുന്നതിനാവശ്യമായ പരിശീലന കേന്ദ്രങ്ങൾ എന്നീ നിലയിൽ പ്രവർത്തനം തുടരാനുള്ള നർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആൾട്ടർനേറ്റീവ് വിദ്യാലയങ്ങളിൽ വർഷങ്ങളായി തൊഴിൽ ചെയ്യുന്ന അധ്യാപകർക്ക് പ്രതിമാസം 4,000 രൂപ ലഭ്യമാക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

13. റോഡ് നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി

ശ്രീ. റോഷി അഗസ്റ്റിൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ ചേലച്ചോട്-വണ്ണപ്പുറം റോഡിന്റെ വ്ളാത്തിക്കവല മുതൽ പഴയരിക്കണ്ടം വരെയുള്ള റോഡിന്റെ ഭാഗം നിർമ്മാണം ആരംഭിച്ചിട്ട് 5 വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. 28-6-2006-ൽ ആരംഭിച്ച റോഡ് നിർമ്മാണം ഇതുവരെ തീരാതെ അനിശ്ചിതത്വത്തിൽ തുടരുകയാണ്. സ്കൂളിലേക്ക് കുട്ടികൾക്ക് അഞ്ചര കി.മീറ്റർ നടന്നു പോകേണ്ട സ്ഥിതിവിശേഷമാണ് ഈ റോഡിന്റെ നിർമ്മാണപ്രവർത്തനം നടക്കുന്നതുമൂലം ഇപ്പോഴും അവിടെ കാണാൻ കഴിയുന്നത്. ഈ സാഹചര്യത്തിൽ പ്രസ്തുത റോഡിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം എന്നാണ് എന്റെ സബ്മിഷൻ.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, ഇടുക്കി നിയോജകമണ്ഡലത്തിലെ ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽകൂടി കടന്നുപോകുന്ന വ്ളാത്തിക്കവല-പഴയരിക്കണ്ടം റോഡ് പ്രവൃത്തിക്ക് 650 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിരുന്നത്. 28-6-2006-ൽ ജോലി ആരംഭിച്ചു. തൊഴിൽ പ്രശ്നങ്ങളും കാലാവസ്ഥാ വ്യതിയാനങ്ങളുംമൂലം പ്രവൃത്തി നീണ്ടുപോയി. ഇതുമൂലം എസ്റ്റിമേറ്റ് പുതുക്കി. ഇപ്പോൾ 14,40,00,000 രൂപയുടെ അനുമതി നൽകി, പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ട്. രണ്ടാംഘട്ട മെറ്റലിംഗ് 70 ശതമാനം പൂർത്തിയായിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ ഉടൻ പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇത് മോണിറ്റർ ചെയ്തുകൊണ്ടിരിക്കുയാണ്. ഈ സാമ്പത്തികവർഷം തന്നെ പൂർത്തിയാക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly